പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3014 — 13.10.2011- ൽ മറുപടിക്ക്

## വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസിയുടെ ഘടനയും പ്രവർത്തന രീതികളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ.ഉമ്മൻ ചാണ്ടി,<br>മുഖ്യമന്ത്രി. |
| (എ) അഴിമതിയെക്കുറിച്ച് വിവരം നൽകുന്നവരുടെ രഹസ്യസ്വഭാവം നില നിർത്തുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>(ബി) ഇതിനായി ഏതെങ്കിലും സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് അതിലെ അംഗങ്ങൾ എന്ന് വെളിപ്പെടുത്തുമോ;<br>(സി) വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസിയുടെ ഘടനയും പ്രവർത്തന രീതികളും വിശദമാക്കുമോ? | (എ)യും (ബി) യും (സി) യും<br>കുറ്റകൃത്യങ്ങൾ സംബന്ധിച്ച് വിവരം നൽകുന്നവർക്ക് സംരക്ഷണവും, റിവാർഡും നൽകുന്നതിന്, 'വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി' രൂപീകരിക്കുന്നതിനും ഇതിലേയ്ക്കായി മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് സംവിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ചും സർക്കാരിന് ഉപദേശം നൽകുന്നതിലേയ്ക്കായി വിദഗ്ദ്ധർ അടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പോളിസിയുടെ ഘടനയും പ്രവർത്തനരീതികളും തീരുമാനിക്കുന്നതാണ്. കമ്മിറ്റിയിലെ അംഗങ്ങളുടെ പേരുകൾ ചുവടെ ചേർത്തിരിക്കുന്നു.<br>ശ്രീ.എം.മോഹൻ കുമാർ, റിട്ട. ചീഫ് സെക്രട്ടറി, ശ്രീ.സാമുവൽ പോൾ, മുൻ ഡയറക്ടർ, ഐ.ഐ.എം.എ, ശ്രീ.ഹോർമിസ് തരകൻ ഐ.പി.എസ്, റിട്ട.,<br>ശ്രീ.രഘുനന്ദൻ, സി.ഇ.ഒ. ipaidbribe.com (ex.Civil servant) |

(ഒപ്പ്)

സെക്ഷൻ ആഫീസർ